ജി.(1)35941/2017

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി-02.08.2017.

# സർക്കുലർ-37/2017

വിഷയം : റേഷൻ - മുൻഗണനാ പട്ടികയിൽ നിന്നും സഹകരണ വകുപ്പ് ജീവനക്കാർ/സഹകരണ സംഘം ജീവനക്കാരെ ഒഴിവാക്കുന്നത് - സംബന്ധിച്ച്.

റേഷൻ മുൻഗണനാ പട്ടികയിൽ ധാരാളം അനർഹർ കടന്നുകൂടിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഇപ്രകാരം മുൻഗണനാ പട്ടികയിൽ കടന്നുകൂടിയിട്ടുള്ള സർക്കാർ ഉദ്യോഗസ്ഥർ, പെൻഷൻകാർ, പൊതുമേഖലയിലെ ജീവനക്കാർ, സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ എന്നിവർ അവരുടെ കാർഡുകൾ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ആഫീസിൽ തിരികെ നൽകി കാർഡിന്റെ ഇനം മാറ്റി എടുക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ റേഷൻ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള സഹകരണ വകുപ്പ് ഉദ്യോഗസ്ഥരും സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരും 2017 ആഗസ്റ്റ് 10-ാം തീയതിക്കു മുമ്പ് തങ്ങളുടെ കാർഡ് ഇനം മാറ്റി എടുക്കേണ്ടതാണ്. ഇത് ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ മേധാവികൾ ഉറപ്പ് വരുത്തേണ്ടതും ഇക്കാര്യം പാലിക്കാത്ത ജീവനക്കാർക്കെതിരെ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യം വകുപ്പിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതുമാണ്.

ഒപ്പ്/-
എസ്. ലളിതാംബിക ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്

1. ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ആഡിറ്റ്, തിരുവനന്തപുരം
2. ജോയിന്റ് രജിസ്ട്രാർ(ജനറൽ), എല്ലാ ജില്ലകളിലും
3. ജോയിന്റ് ഡയറക്ടർ(ആഡിറ്റ്), എല്ലാ ജില്ലകളിലും
4. എല്ലാ അപ്പക്സ് സഹകരണ സ്ഥാപനങ്ങളും
5. അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)എല്ലാ താലൂക്കും ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന
6. അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്) എല്ലാ താലൂക്കും ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന
7. മറ്റ് ഇതര സഹകരണ സംഘങ്ങൾ(ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
8. സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള മറ്റ് സ്ഥാപനങ്ങൾ, ബോർഡുകൾ
9. വെബ്സൈറ്റ്
10. സ്റ്റോക്ക് ഫയൽ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ(എം.പി)

എ.ജെ